# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1224** **30.01.2018 ൽ മറുപടിക്ക്**

**പ്രവർത്തനരഹിതമായ കെട്ടിടങ്ങൾ**

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്തിന്റെ ഉടമസ്ഥതയിലുള്ളതും ദീർഘനാളായി പ്രവർത്തനരഹിതമായി തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾ ധാരാളമുണ്ടെന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഇവയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) വിവരശേഖരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ എവിടെയെല്ലാമുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) ആലപ്പുഴ ഡിവിഷനു കീഴിൽ പ്രവർത്തനരഹിതമായി തകർച്ച നേരിടുന്ന കെട്ടിടങ്ങൾ ഒന്നുമില്ല. |
| (ഡി) അവ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തി ഹ്രസ്വകാല കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകി വരുമാനദായകമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (ഡി) നിലവിൽ പരിഗണനയിലില്ല. എന്നാൽ ഉപയോഗയോഗ്യമായവയുടെ റിപ്പോർട്ട് തരാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കോട്ടയം ഡിവിഷൻ

വൈക്കം ബിൽഡിംഗ്സ് സെക്ഷന്റെ കീഴിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വൈക്കം സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിച്ച വന്നിരുന്ന 15/59 നം കെട്ടിടം, ടി ഓഫീസിന്റെ പ്രവർത്തനം മാറ്റിയതിനാൽ 30.12.2015 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്.

എറണാകുളം ഡിവിഷൻ

പറവൂർ നിരത്ത് ഉപവിഭാഗം കാര്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടം പ്രവർത്തന രഹിതമായി കിടക്കുകയാണ്.

കൊല്ലം ഡിവിഷൻ

എൻ.എച്ച്.സെക്ഷൻ കരുനാഗപ്പള്ളി, പാരിപ്പള്ളി എന്നീ ഓഫീസ് കെട്ടിടങ്ങൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്.

തിരുവനന്തപുരം ഡിവിഷൻ

സ്പെഷ്യൽ ബിൽഡിംഗ്സിന്റെ പഴയ ഓഫീസ് കെട്ടിടം, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് സ്റ്റോർ കെട്ടിടം എന്നിവ പ്രവർത്തന രഹിതമായി കിടക്കുകയാണ്.

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, വയനാട്, കാസർഗോഡ്, സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻ, കെ.എൽ.സി.-തിരുവനന്തപുരം എന്നീ ഡിവിഷനുകൾക്ക് കീഴിൽ പ്രവർത്തന രഹിതമായി തകർച്ച നേരിടുന്ന കെട്ടിടങ്ങൾ ഒന്നുതന്നെയില്ല

**സെക്ഷൻ ഓഫീസർ**